# കോട്ടയം ജില്ലാ കളക്ടറുടെ നടപടിക്രമം

(ഹാജർ: ഡോ.ബി.എസ്. തിരുമേനി ഐ.എ.എസ്)

**ഉത്തരവ് നം. DCKTM/6312/2018-M2 തീയതി:13/11/2018**

വിഷയം : ടിപ്പർ ലോറികളുടെയും / ടിപ്പിംഗ് മെക്കാനിസം ഉപയോഗിച്ച പ്രവർത്തിക്കുന്ന വാഹനങ്ങളുടെയും ഗതാഗത സമയ നിയന്ത്രണം - സംബന്ധിച്ച

പരാമർശം 1) 05/06/2018 തീയ്യതിയിലെ സ.ഉ.(സാധാ) നം.256/2018/ഗതാഗതം നം.ഉത്തരവ്

2) കോട്ടയം ജില്ലാ പോലീസ് മേധാവിയുടെ 05.11.2018 തീയ്യതിയിലെ കത്ത്.

പരാമർശം ( 1 ) ലെ സർക്കാർ ഉത്തരവ് പ്രകാരം ടിപ്പർ ലോറികളുടെയും / ടിപ്പിംഗ് മെക്കാനിസം ഉപയോഗിച്ച പ്രവർത്തിക്കുന്ന വാഹനങ്ങളുടെയും ഗതാഗത സമയം നിശ്ചയിക്കുന്നതിനുള്ള ചുമതല, 1988 ലെ മോട്ടോർ വാഹന വകുപ്പ് നിയമം 115 -ാം വകുപ്പ് പ്രകാരം ജില്ലാ കളക്ടർമാരെ ചുമതലപ്പെടുത്തി ഉത്തരവായിരുന്നു.

പരാമർശം ( 2 ) ലെ ജില്ലാ പോലീസ് മേധാവിയുടെ കത്ത് പ്രകാരം ജില്ലയിലെ ഭൂരിഭാഗം വിദ്യാർത്ഥികൾ സ്കൂളുകളിലേയ്ക്ക് എത്തുന്ന സമയം രാവിലെ 8.30 മുതൽ 9.30 വരെയും , സ്കൂളിൽ നിന്നും തിരികെ പോകുന്നത് വൈകുന്നേരം 03.30 മുതൽ 4.30 വരെയും ആയതിനാൽ സ്കൂൾ വിദ്യാർത്ഥികളുടെ സുരക്ഷ കണക്കിലെടുത്ത് മേൽപടി സമയത്ത് ടിപ്പർ ലോറികൾക്കും / ടിപ്പിംഗ് മെക്കാനിസം ഉപയോഗിച്ച പ്രവർത്തിക്കുന്ന വാഹനങ്ങൾക്കും സമയനിയന്ത്രണം ഏർപ്പെടുത്തുന്നത് നന്നായിരിക്കുമെന്ന് അറിയിച്ചിരിക്കുന്നു

ഈ സാഹചര്യത്തിൽ വിദ്യാർത്ഥികളുടെ സുരക്ഷാ കണക്കിലെടുത്ത് ജില്ലയിലെ ടിപ്പർ ലോറികളുടെയും / ടിപ്പിംഗ് മെക്കാനിസം ഉപയോഗിച്ച പ്രവർത്തിക്കുന്ന വാഹനങ്ങളുടെയും ഗതാഗത നിയന്ത്രണ സമയം രാവിലെ 8.30 മുതൽ 9.30 വരെയും വൈകുന്നേരം 03.30 മുതൽ 4.30 വരെയുമായി ഇതിനാൽ നിശ്ചയിച്ച ഉത്തരവാകുന്നു.

Signature Not Verified

Digitally signed by BALAKRISHNAN SUBHADRA THIRUMENI
Date: 2018.11.13 23:20:03 IST
Reason: Approved

ജില്ലാ കളക്ടർ

പകർപ്പ്,

1)സബ് കളക്ടർ ,കോട്ടയം

2)റവന്യൂ ഡിവിഷണൽ ഓഫീസർ , പാലാ

3)ജില്ലാ പോലീസ് മേധാവി ,കോട്ടയം

4)എല്ലാ തഹസിൽദാർമാർക്കും

5)റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർ , കോട്ടയം

6)ജില്ലാ ഇൻഫർമേഷൻ ഓഫീസർ ,കോട്ടയം

7)സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി